"ഭരണഭാഷ- മാതൃഭാഷ"

## കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കൊല്ലം ജില്ലയിലെ മൈലം ഗ്രാമപഞ്ചായത്തിലെ മുൻ സീനിയർ ക്ലർക്ക് ശ്രീ. എൻ. ജോയി-ക്കെതിരെ വകുപ്പുതലത്തിൽ ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കിയതിനെതിരെ ടിയാൻ സമർപ്പിച്ച അപ്പീൽ അപേക്ഷ നിരസിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.135/2026/LSGD തീയതി,തിരുവനന്തപുരം, 16-01-2026

---

പരാമർശം:-

1 പഞ്ചായത്ത് ഡയറക്ടറുടെ 05.04.2018-ലെ ഡി6-14489/17 നമ്പർ കുറ്റാരോപണ മെമ്മോ.

2 പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം സമർപ്പിച്ച 29.07.2019-ലെ ഡി1-4355/17 നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്.

3. പഞ്ചായത്ത് ഡയറക്ടറുടെ 14.02.2020-ലെ AN-21132/2018-D6(DP) നമ്പർ കാരണം കാണിക്കൽ നോട്ടീസ്.

4. പഞ്ചായത്ത് ഡയറക്ടറുടെ 26/08/2020 ലെ PAN-21132/2018-D6(DP) നമ്പർ ഉത്തരവ്.

5. ശ്രീ. എൻ. ജോയി 18/09/2020 ൽ സമർപ്പിച്ച അപ്പീൽ അപേക്ഷ.

6. പഞ്ചായത്ത് ഡയറക്ടറുടെ 18/03/2021 ലെ PAN-21132/2018-D6(DP) നമ്പർ കത്ത്.

7. സ.ഉ.(സാധാ)നം.694/2022/LSGD തീയതി 21.03.2022

8. സ.ഉ.(സാധാ)നം.1287/2023/LSGD തീയതി 21.06.2023

## ഉത്തരവ്

കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക്കിലെ മൈലം ഗ്രാമ പഞ്ചായത്തിൽ കലയപുരം വില്ലേജിൽ ബ്ലോക്ക് നം. 13-ൽ സർവ്വെ നം. 373/2-ൽ ഉൾപ്പെട്ട നിലം ഭൂമിയിൽ വാണിജ്യ ആവശ്യത്തിനായി കെട്ടിട നിർമ്മാണം നടത്തുന്നതിന് മൈലം ഗ്രാമ പഞ്ചായത്തിൽ നിന്നും അനധികൃതമായി ബിൽഡിംഗ് പെർമിറ്റ് നൽകിയെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തിയതിൽ നിയമവിരുദ്ധമായി വാണിജ്യാവശ്യത്തിന് നിലം നികത്തി കെട്ടിട നിർമ്മാണം നടത്തുന്നതിന് ബന്ധപ്പെട്ട ഫയലിൽ സെക്ഷൻ ക്ലർക്കായിരുന്ന ശ്രീ. എൻ. ജോയി അനുകൂല നോട്ടെഴുതിയതായി കണ്ടെത്തിയതിനെത്തുടർന്ന്, ടിയാനെതിരെ വകുപ്പുതലത്തിൽ പരാമർശം (1) പ്രകാരം കുറ്റാരോപണ മെമ്മോ നൽകി പഞ്ചായത്ത് ഡയറക്ടർ അച്ചടക്ക നടപടി ആരംഭിച്ചിരുന്നു.

2. മേൽ വിഷയം സംബന്ധിച്ച് കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പരാമർശം (2) ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ, കെട്ടിടം പൂർത്തീകരിച്ച് നമ്പർ ഇടുന്നതിനായി

സമർപ്പിച്ച ഫയൽ സൂക്ഷ്മമായി പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കി ഓഫീസ് സൂപ്പർവൈസർ മുഖേന സെക്രട്ടറിക്ക് സമർപ്പിക്കുന്നതിലും, കെട്ടിട നമ്പറിനുള്ള ഫയൽ യഥാവിധി സൂക്ഷിക്കുന്നതിലും ടിയാന്റെ ഭാഗത്തു നിന്നും ഗുരുതര വീഴ്ച സംഭവിച്ചതായി റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന് ടിയാനെതിരെയുള്ള കുറ്റാരോപണങ്ങൾ നിലനിൽക്കുന്നതായി കണ്ട് ടിയാന്റെ 3 വാർഷിക ശംബള വർദ്ധനവുകൾ സഞ്ചിത ഫലത്തോടെ തടയുന്നതിന് താൽക്കാലികമായി നിശ്ചയിച്ച് പരാമർശം (3) പ്രകാരം ടിയാന് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും, കാരണം കാണിക്കൽ നോട്ടീസിന് 16.03.2020-ൽ ടിയാൻ സമർപ്പിച്ച മറുപടിയിൽ, താൻ എസ്.എസ്.എൽ.സി വരെ മാത്രം വിദ്യാഭ്യാസമുള്ള പ്യൂൺ തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം ലഭിച്ചയാളാണെന്നും, വളരെ താമസിച്ച് സർവ്വീസിൽ പ്രവേശിച്ച് സേവനകാലം കുറവുള്ളയാളാണെന്നും, മേലധികാരികൾ തന്റെ വീഴ്ചകൾ ചൂണ്ടിക്കാണിച്ചിട്ടില്ലാത്തതിനാലും ടി വിഷയത്തിൽ മനപൂർവ്വമല്ലാതെ എന്തെങ്കിലും തെറ്റുകൾ വന്നിട്ടുണ്ടെങ്കിൽ ആയത് മാപ്പാക്കണമെന്നും അപേക്ഷിച്ചിരുന്നു.

3. മേൽ അപേക്ഷയുടെയും 07.8.2020-ൽ പഞ്ചായത്ത് ഡയറക്ടർ ടിയാനെ നേരിൽ കേട്ടതിന്റെയും അടിസ്ഥാനത്തിൽ, കാരണം കാണിക്കൽ നോട്ടീസിലെ 3 വാർഷിക ശമ്പള വർദ്ധവനവുകൾ സഞ്ചിത ഫലത്തോട തടയുക എന്ന ശിക്ഷയിൽ ഇളവ് വരുത്തി 1 വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെ തടയുന്നതിന് തീരുമാനിച്ച് ടിയാനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവിനെതിരെയാണ് ടിയാൻ പരാമർശം (5) പ്രകാരം അപ്പീൽ സമർപ്പിച്ചിട്ടുള്ളത്.

4. ടി അപ്പീൽ അപേക്ഷയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (6) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. പ്രസ്തുത റിപ്പോർട്ടിൽ, ശ്രീ. എൻ. ജോയി-ക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ച് തീർപ്പാക്കിയ സാഹചര്യം മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ വിശദമാക്കിയിട്ടുള്ളതിനോടൊപ്പം പരാമർശ വിഷയവുമായി ബന്ധപ്പെട്ട് മൈലം ഗ്രാമ പഞ്ചായത്തിലെ സെക്രട്ടറിയായിരുന്ന വിരമിച്ച ശ്രീ. പി.ഒ. മാത്യു, അസിസ്റ്റന്റ് സെക്രട്ടറിയായിരുന്ന വിരമിച്ച ശ്രീ. റഹിംകുട്ടി എന്നിവർക്കെതിരെ KSR Part III പ്രകാരം അച്ചടക്ക നടപടിക്ക് സർക്കാരിലേയ്ക്ക് ശിപാർശ ചെയ്തിട്ടുള്ളതാണെന്നും റിപ്പോർട്ട് ചെയ്യുകയുണ്ടായി.

5. ശ്രീ. ജോയിക്കെതിരെ അച്ചടക്ക നടപടി ആരംഭിച്ച സമാന വിഷയത്തിൽ മൈലം ഗ്രാമപഞ്ചായത്തിലെ സെക്രട്ടറിയായിരുന്ന ശ്രീ.പി.ഒ. മാത്യുവിന് എതിരായി സർക്കാർ തലത്തിൽ KSR Part III Rule 3(a) പ്രകാരം അച്ചടക്ക നടപടി ആരംഭിക്കുകയും ആയത് ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/-രൂപ 4 വർഷത്തേക്ക് കുറവ് വരുത്തുവാൻ തീരുമാനിച്ച് പരാമർശം (7) പ്രകാരം തീർപ്പാക്കിയിട്ടുള്ളതും, ഇതേ വിഷയത്തിൽ തന്നെ അസിസ്റ്റന്റ് സെക്രട്ടറിയായിരുന്ന ശ്രീ.റഹിംകുട്ടിക്കെതിരായി സർക്കാർ തലത്തിൽ KSR Part III Rule 3(a) പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി, ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/-രൂപ 3 വർഷത്തേക്ക് കുറവ് വരുത്തുവാൻ തീരുമാനിച്ച് പരാമർശം (8) പ്രകാരം തീർപ്പാക്കിയിട്ടുള്ളതുമാണ്.

6. സർക്കാർ ഈ വിഷയം പരിശോധിച്ചു. സമാന വിഷയത്തിൽ മൈലം ഗ്രാമ പഞ്ചായത്തിലെ മുൻ അസിസ്റ്റന്റ് സെക്രട്ടറി, സെക്രട്ടറി എന്നിവർക്കെതിരെ സർക്കാർ തലത്തിൽ അച്ചക്ക നടപടി സ്വീകരിച്ചിട്ടുള്ളതും, ആയത് ടിയാളുകളുടെ പ്രതിമാസ

പെൻഷനിൽ നിന്നും **500** രൂപ യഥാക്രമം **3, 4** വർഷത്തേക്ക് കുറവ് വരുത്തി ശിക്ഷ നൽകിയിട്ടുള്ളതുമായ സാഹചര്യത്തിൽ, ആയതിന് ആനുപാതികമായ ശിക്ഷ നൽകിയാണ് മൈലം ഗ്രാമ പഞ്ചായത്തിലെ സീനിയർ ക്ലർക്ക് ശ്രീ. എൻ. ജോയിക്കെതിരെ **KCS (CC & A) Rules 1960**-ലെ ചട്ടം **15** പ്രകാരമുള്ള അച്ചടക്ക നടപടി തീർപ്പാക്കി പഞ്ചായത്ത് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് എന്ന് കാണുന്നു.

**7.** മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, മൈലം ഗ്രാമ പഞ്ചായത്തിലെ സീനിയർ ക്ലർക്കായിരുന്ന ശ്രീ എൻ. ജോയി-ക്കെതിരെയുള്ള അച്ചടക്ക നടപടിയിൽ **1** വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെ തടഞ്ഞ് ടിയാനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിയ പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (4) ഉത്തരവ് പുനഃപരിശോധിച്ച് ശിക്ഷ ഒഴിവാക്കണമെന്ന ടിയാളുടെ അപ്പീൽ അപേക്ഷയിലെ ആവശ്യം പരിഗണിക്കേണ്ട സാഹചര്യം നിലവിലില്ല എന്ന് നിരീക്ഷിച്ച് പ്രസ്തുത അപ്പീൽ നിരസിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോൺ വി സാമുവൽ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

1. ശ്രീ. എൻ. ജോയി, മുൻ സീനിയർ ക്ലർക്ക്, മൈലം ഗ്രാമപഞ്ചായത്ത്, കൊല്ലം. *(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം മുഖേന).*
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
4. ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കൊല്ലം.
5. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി. (ഫയൽ നം. ഇപിബി2/26/2021/തസ്വഭവ. നമ്പർ ഫയലിലേക്ക്).

ഉത്തരവിൻ പ്രകാരം

Signed by
Riju M Das
Date: 16-01-2026 13:05:07
സെക്ഷൻ ഓഫീസർ